**19001997**

19001997

**Reg. No..............................**

**Name..................................**

# M.A. DEGREE (CSS) EXAMINATION, NOVEMBER 2019

**Third Semester**

Faculty of Language and Literature

Branch II : Malayalam

MAL 3–PC–II–**മലയാള കവിത – ആധുനികം – 2-ാം ഘട്ടം**

(2012 Admission onwards)

Time : Three Hours | Maximum Weight : 30

I. ഒരു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

1 "പകലേ, നീ പറിച്ചെടുത്തൊരു കടലാസിൽ പൊതിഞ്ഞു ഫയലിലടക്കി പ്പകർന്ന ഹൃദയം "—കവി ആവിഷ്കരിക്കുന്ന കാലം എന്ത് ?

2 "സ്നേഹിക്കാൻ പഠിപ്പിച്ച ദാഹത്താൽ മരിക്കാമി-
ജ്ജീവിത സംഗീതത്തിൽ തായ് വേരു പിടയുമ്പോൾ"
—സൂചന ? വിവക്ഷിതാർത്ഥം ?

3 "ആത്മരക്ഷയ്ക്കായന്ധകാരത്തിൻ ദുർഗ്ഗം
തേടിപ്പോയൊരെൻതോഴാ, വിശ്വസിക്കാമോ നിന്നെയും"
—തോഴനു സംഭവിച്ച പരിണാമം എന്ത് ?

4 "ആത്മഹത്യയ്ക്കും കൊലയ്ക്കുമിടയിലൂ-
ടാർത്തനാദം പോലെ പായുന്ന ജീവിതം"
—സ്വത്വം നേരിടുന്ന പ്രതിസന്ധിയെന്ത് ?

5 "കുമ്പസരിക്കുന്ന പാപിയാവാതെ
ഞാൻ ഭ്രാന്തു പിടിച്ച നന്മകളുടെ മഴ കൊള്ളുന്നു "
—ആത്മസംഘർഷം എന്ത് ?

6 'പാവം മാനവഹൃദയ'മായി സുഗതകുമാരി പറയുന്നതെന്തു കൊണ്ട് ?

7 കെ.ജി.എസ്സിന്റെ വിവർത്തനങ്ങളുടെ സവിശേഷതയെന്ത് ?

8 ടോണിയുടെ കവിതയിലെ 'പാരഡി'യുടെ സ്വഭാവമെന്ത് ?

(5 × 1 = 5)

II. രണ്ടു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

9 മാധവൻ അയ്യപ്പത്തിന്റെ കവിതകളിലെ ആധുനിക കാവ്യദർശനം എന്ത് ?

10 'തത്ത്വദർശനത്തിന്റെ കാവ്യാവിഷ്കാരമാണ് ആർ. രാമചന്ദ്രന്റെ കവിതകൾ'— വിലയിരുത്തുക.

11 “എന്തു പരീക്ഷ !
ഇതെന്തൊരു പ്രശ്നമോ ?
കണ്ടില്ലേതുമുപായം
ഗ്രന്ഥവിധിയിൽ
വിടാതെയാ ജന്തുക്കൾ
കണ്ഠ മനക്കായ് വീണ്ടും”

—എന്താണ് പ്രശ്നം ? കണ്ഠമനക്കിപ്പറഞ്ഞതെന്ത് ?

12 “ഇച്ചിതൽപ്പുറ്റിനുള്ളിലിരുന്നു ഞാൻ
ഉറ്റുനോക്കിയെന്നുള്ളിലേക്കങ്ങനെ”

—എന്തെല്ലാമാണ് കണ്ടത് ?

13 പ്രഭാവർമ്മയുടെ കവിതയുടെ സാമാന്യതലം വിശദീകരിക്കുക.

14 പി.പി. രാമചന്ദ്രന്റെ കവിതയിലെ പാരമ്പര്യാഭിമുഖ്യത്തെപ്പറ്റി വിശകലനം ചെയ്യുക.

15 “കിണററെടുത്ത് ചരിച്ചു വെച്ച്
നാലുകൊടം വെള്ളമൂറ്റിയെടുത്തു”

—അർത്ഥധ്വനി വിശദീകരിക്കുക.

16 “നീങ്ങുന്ന തീവണ്ടി-
യപ്പുറത്തുള്ളതോ ? ഞാനിരിക്കുന്നതോ ?”

—കവി പേറുന്ന സമസ്യയെന്ത് ?

(5 × 2 = 10)

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക :

17 ആധുനിക കവിതകളിലെ ബിംബവാങ്മയത്തെ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

18 മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കവിതകളിൽ നെരൂദയുടെ കവിതകൾ മലയാളിയെ സവിശേഷമായി സ്വാധീനം ചെലുത്തിയിട്ടുണ്ടോ ? പരിശോധിക്കുക.

19 സ്ത്രൈണാവിഷ്ക്കാരമെന്നനിലയിൽ പെണ്ണെഴുത്ത് വളർന്നതെങ്ങനെയെന്ന് കണ്ടെത്തുക.

**അല്ലെങ്കിൽ**

20 “ആധുനികാനന്തരം ” എന്ന സംജ്ഞയുടെ വിവക്ഷിതാർത്ഥങ്ങൾ പരിശോധിക്കുക.

21 “ദളിത് പരിപ്രേക്ഷ്യത്തിന്റെ കവിതകളാണ് എസ്. ജോസഫ്, എം.ബി. മനോജ് എന്നിവരുടെ കവിതകൾ ” —വിലയിരുത്തുക.

**അല്ലെങ്കിൽ**

22 പരിസ്ഥിതിക്കവിതകളുടെ ആഖ്യാന സവിശേഷതകൾ എന്തെല്ലാം ?

(3 × 5 = 15)